പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 379 | 27.09.2011 - ലെ മറുപടിക്ക്

## പ്രോപ്പർട്ടി ടാക്സ് ബോർഡ് രൂപീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.അൻവർ സാദത്ത് | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) പഞ്ചായത്തുകൾക്കുവേണ്ടി പ്രോപ്പർട്ടി ടാക്സ് ബോർഡ് രൂപീകരിക്കണമെന്ന നിർദ്ദേശം 13-ാം ധനകാര്യ കമ്മീഷൻ ആവശ്യപ്പെട്ടിരുന്നുവോ ; | (എ) ആവശ്യപ്പെട്ടിരുന്നു. |
| (ബി) എങ്കിൽ എന്നാണ് ആവശ്യപ്പെട്ടത് ; | (ബി) ഇന്ത്യാ ഗവൺമെന്റ് പഞ്ചായത്ത് രാജ് മന്ത്രാലയം സെക്രട്ടറിയായ ശ്രീ.എ.എൻ.പി.സിൻഹയുടെ 12.07.2010-ലെ അർദ്ധ ഔദ്യോഗിക കത്ത് നം.11019/704/08-Pol-2(P&J) പ്രകാരമാണ് ആവശ്യപ്പെട്ടിരുന്നത്. |
| (സി) ബോർഡ് രൂപീകരണത്തിന് കഴിഞ്ഞ സർക്കാർ എന്തെങ്കിലും നടപടികൾ കൈക്കൊള്ളുകയുണ്ടായോ ; | (സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 26.02.2011-ലെ ജി.ഒ.(എം.എസ്.) നം. 59/11/ത.സ്വ.ഭ.വ. പ്രകാരം പ്രോപ്പർട്ടി ടാക്സ് ബോർഡ് രൂപീകരിക്കുന്നതിന് അനുമതി നൽകുകയും 08.03.2011-ലെ ജി.ഒ.(എം.എസ്.) നം. 77/11/ത.സ്വ.ഭ.വ. പ്രകാരം പ്രോപ്പർട്ടി ടാക്സ് ബോർഡ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. |

(.........2)

| | | | |
|---|---|---|---|
| (ഡി) | ബോർഡ് രൂപീകരിക്കണമെന്ന് ധനകാര്യ കമ്മീഷൻ ആവശ്യപ്പെട്ടതിന്റെ കാരണങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വെളിപ്പെടുത്തുമോ ; | (ഡി) | പതിമൂന്നാം ധനകാര്യ കമ്മിഷൻ രാജ്യത്തെ 36 നഗരങ്ങളിൽ നടത്തിയ ഒരു പഠനത്തിന്റെ വെളിച്ചത്തിൽ പ്രോപ്പർട്ടി ടാക്സ് ശേഖരണത്തിന്റെ കാര്യശേഷിയും വ്യാപ്തിയും വികസിപ്പിച്ചാൽ ഇക്കാര്യത്തിൽ വൻവർധന (മൂന്ന്, നാല് മടങ്ങ് വരെ) കൈവരിക്കാമെന്ന് കണ്ടെത്തി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എല്ലാ വസ്തുവകകളുടെയും ശരിയായ അസെസ്സ്മെന്റ് നടത്തുക, ശരിയായ നികുതി ഘടന രൂപപ്പെടുത്തുക, പിഴ ചുമത്തുക, എന്നിവ കൃത്യമാക്കിയാൽ ഇതിനു കഴിയുമെന്നും പറഞ്ഞു. ഇതിനായി പശ്ചിമബംഗാൾ വാല്യുവേഷൻ ബോർഡ് മാതൃകയിൽ സംസ്ഥാനങ്ങൾ പ്രോപ്പർട്ടി ടാക്സ് ബോർഡ് രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചു. ഇത് പെർഫോമൻസ് ഗ്രാന്റ് സംസ്ഥാനത്തിന് ലഭ്യമാകുന്നതിനുള്ള ഒരു മാനദണ്ഡവുമാക്കി. |
| (ഇ) | പ്രസ്തുത ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് ധനസഹായം ലഭിക്കുമോ ? | (ഇ) | കേന്ദ്ര സഹായം ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ.